**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5342** **26-03-2018 ൽ മറുപടിക്ക്**

**തിരുവനന്തപുരം ജില്ലയിൽ റവന്യൂ പുറമ്പോക്ക് കയ്യേറിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ റവന്യൂ പുറമ്പോക്ക് കയ്യേറിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ റവന്യൂ പുറമ്പോക്ക് കയ്യേറ്റവുമായി ബന്ധപ്പെട്ട് ആകെ 637 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിന്ന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) ഇതിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വരുന്ന വില്ലേജുകളിൽ നിന്നും 122 പരാതികൾ ലഭിച്ചിട്ടുണ്ട്. സർക്കാർ ഭൂമി കയ്യേറിയവർക്ക് എതിരെ കെ.എൽ.സി ആക്ട് 1957 (അമെൻമെന്റ് ആക്ട് 2009) കെ.എൽ.സി റൂൾ 1958 എന്നിവ പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) നെടുമങ്ങാട് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ 1391.55.59 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമി ഉണ്ട്. |

**സെക്ഷൻ ഓഫീസർ**